## ഇന്റർനാഷണൽ ചൈനീസ് സ്പീക്കിംഗ് കോൺഫറൻസ്
## (ഫെബ്രുവരി 10-11, 2024)
## പൊതു വിഷയം:
## നീതിയുടെ കിരീടമായി
## ക്രിസ്തുവിന്റെ പ്രതിഫലം പ്രാപിക്കുന്നതിനായി
## നല്ല പോർ പൊരുതുകയും, ഓട്ടം തികയ്ക്കുകയും, വിശ്വാസം കാക്കുകയും, കർത്താവിന്റെ പ്രത്യക്ഷതയെ സ്നേഹിക്കുകയും ചെയ്യുക

### ദൂത് ഒന്ന്
### നല്ല പോർ പൊരുതുക

JL *Hymns*: 1232, Banner, 885

വേദഭാഗം: 2 തിമൊ. 4:7; 1 തിമൊ. 1:18; 6:12

2 Tim. 4:7a ഞാൻ നല്ല പോർ പൊരുതി;

1 Tim. 1:18 എന്റെ മകനായ തിമൊഥെയൊസേ, നിന്നെക്കുറിച്ച് മുമ്പ് നടത്തിയ പ്രവചനങ്ങൾക്കൊത്തവണ്ണം, ഞാൻ ഈ ആജ്ഞ നിന്നെ ഭരമേൽപ്പിക്കുന്നു, അവയാൽ നീ നല്ല യുദ്ധം പോരാടേണ്ടതിന്,

1 Tim. 6:12 വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക; നിത്യജീവനെ മുറുകെപ്പിടിക്കുക, അതിലേക്കു നിന്നെ വിളിക്കുകയും അനേകം സാക്ഷികളുടെ മുമ്പാകെ നല്ല ഏറ്റുപറയൽ ലഭിക്കുകയും ചെയ്തുവല്ലോ..

**I. 2 തിമൊഥെയൊസ് 4:7-ൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ, ശരിയായ ക്രിസ്തീയ ജീവിതം മൂന്ന് മടങ്ങാണ്; അതിൽ നല്ല പോർ പൊരുതുന്നതും, ഓട്ടം തികയ്ക്കുന്നതും, വിശ്വാസം കാക്കുന്നതും ഉൾപ്പെടുന്നു.**

2 Tim. 4:7 ഞാൻ നല്ല പോർ പൊരുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തു.

**II. "ഞാൻ നല്ല പോർ പൊരുതി"—വാ. 7:**

A. അപ്പൊസ്തലന്റെ ആജ്ഞ സ്വീകരിച്ചുകൊണ്ട് വിശ്വാസികൾ നല്ല പോർ പൊരുതുന്നു—1 തിമൊ. 1:18:

1 Tim. 1:18 എന്റെ മകനായ തിമൊഥെയൊസേ, നിന്നെക്കുറിച്ച് മുമ്പ് നടത്തിയ പ്രവചനങ്ങൾക്കൊത്തവണ്ണം, ഞാൻ ഈ ആജ്ഞ നിന്നെ ഭരമേൽപ്പിക്കുന്നു, അവയാൽ നീ നല്ല യുദ്ധം പോരാടേണ്ടതിന്,

1. അപ്പൊസ്തലൻ തന്റെ ആത്മിക പുത്രന് നൽകിയ ആജ്ഞ ദൈവത്തിന്റെ വ്യവസ്ഥയെ അനുകൂലമായും വ്യത്യസ്തമായ പഠിപ്പിക്കലുകളെ പ്രതികൂലമായും ബാധിക്കുന്നു—വാ. 3-4.

1 Tim. 1:3 ഞാൻ മക്കെദോന്യയിലേക്കു പോകുമ്പോൾ ചിലരോട് വ്യത്യസ്ത കാര്യങ്ങൾ ഉപദേശിക്കരുതെന്നും,

1 Tim. 1:4 വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയെക്കാൾ ചോദ്യംചെയ്യലുകൾ ഉളവാക്കുന്ന കെട്ടുകഥകൾക്കും അന്തമില്ലാത്ത വംശാവലികൾക്കും ശ്രദ്ധ കൊടുക്കരുതെന്നും ആജ്ഞാപിക്കേണ്ടതിന് നീ എഫെസൊസിൽ തുടരുവാൻ ഞാൻ നിന്നെ പ്രബോധിപ്പിച്ചതു പോലെ തന്നെ.

2. വിശ്വാസത്തിൽനിന്നുള്ള വ്യതിചലനത്തിനെതിരെ പോരാടുവാൻ, അതായത് വിശ്വാസത്തിന്റെ നല്ല പോർ പൊരുതുവാൻ പൗലൊസ് തിമൊഥെയോസിനോട് ആജ്ഞാപിച്ചു—6:12a.

1 Tim. 6:12a വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക. ...

B. അവനെ സംബന്ധിച്ച് മുമ്പ് നടത്തിയ പ്രവചനങ്ങൾ അനുസരിച്ച്, അവൻ "നല്ല പോർ പൊരുതണം" എന്ന് പൗലൊസ് തിമൊഥെയോസിനോട് പറഞ്ഞു—1:18:

1. നല്ലപോർ പൊരുതുകയെന്നാൽ ഭിന്നാഭിപ്രായക്കാരുടെ വ്യത്യസ്ത പഠിപ്പിക്കലുകൾക്കെതിരെ പോരാടുകയും ദൈവത്തിന്റെ വ്യവസ്ഥ നടപ്പിലാക്കുകയും ചെയ്യുക എന്നാണ്—വാ. 4.

   1 Tim. 1:4 വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയെക്കാൾ ചോദ്യംചെയ്യലുകൾ ഉളവാക്കുന്ന കെട്ടുകഥകൾക്കും അന്തമില്ലാത്ത വംശാവലികൾക്കും ശ്രദ്ധ കൊടുക്കരുതെന്നും ആജ്ഞാപിക്കേണ്ടതിന് നീ എഫെസൊസിൽ തുടരുവാൻ ഞാൻ നിന്നെ പ്രബോധിപ്പിച്ചതു പോലെ തന്നെ.

2. വാഴ്ത്തപ്പെട്ടവനായ ദൈവത്തിന്റെ തേജസ്സിനുവേണ്ടിയുള്ള കൃപയുടെയും നിത്യജീവന്റെയും സുവിശേഷത്തെ സംബന്ധിച്ച അപ്പൊസ്തലന്റെ ശുശ്രൂഷ അനുസരിച്ചുള്ളതാണ് ഈ പോരാട്ടം—വാ. 11-16.

   1 Tim. 1:11 എന്നെ ഭരമേൽപ്പിച്ച, വാഴ്ത്തപ്പെട്ടവനായ ദൈവത്തിന്റെ തേജസ്സിന്റെ, സുവിശേഷത്തിനൊത്തവണ്ണം, പത്ഥ്യോപദേശത്തിനു വിപരീതമായുള്ള മറ്റേതു കാര്യത്തിനുമത്രേ നടപ്പാക്കിയിരിക്കുന്നത്.

   1 Tim. 1:12 എന്നെ ശക്തനാക്കുന്ന നമ്മുടെ കർത്താവായ ക്രിസ്തു യേശു, എന്നെ വിശ്വസ്തൻ എന്ന് എണ്ണി ശുശ്രൂഷയ്ക്ക് നിയമിച്ചതിനാൽ ഞാൻ അവനു നന്ദി ചൊല്ലുന്നു,

   1 Tim. 1:13 മുമ്പേ ഞാൻ ദൂഷകനും ഉപദ്രവിയും അപമാനിക്കുന്നവനും ആയിരുന്നു; എന്നാൽ അജ്ഞനായിരുന്ന്, ഞാൻ അവിശ്വാസത്തിൽ പ്രവർത്തിച്ചതുകൊണ്ട്, എന്നോടു കരുണ കാണിച്ചു.

   1 Tim. 1:14 നമ്മുടെ കർത്താവിന്റെ കൃപ ക്രിസ്തു യേശുവിൽ വിശ്വാസത്തോടും സ്നേഹത്തോടും കൂടെ അത്യന്തം സമൃദ്ധമായി.

   1 Tim. 1:15 ക്രിസ്തു യേശു പാപികളെ രക്ഷിക്കുവാൻ ലോകത്തിലേക്കു വന്നു എന്ന വചനം വിശ്വാസ്യവും സകല സ്വീകാര്യതയ്ക്കും യോഗ്യവും ആകുന്നു, ആ പാപികളിൽ ഞാൻ ഒന്നാമൻ.

   1 Tim. 1:16 എന്നാൽ നിത്യജീവങ്കലേക്ക് അവന്മേൽ വിശ്വസിക്കുവാനിരിക്കുന്നവർക്ക് ഒരു മാതൃകയ്ക്കായി യേശു ക്രിസ്തു തന്റെ സകല ദീർഘക്ഷമയും ഒന്നാമനായ എന്നിൽ പ്രദർശിപ്പിക്കേണ്ടതിന് എന്നോടു കരുണ കാണിച്ചു..

3. ഒരുവശത്ത്, തിമൊഥെയൊസ് വ്യത്യസ്ത പഠിപ്പിക്കലുകൾക്കെതിരെ പോരാടണമായിരുന്നു; മറുവശത്ത്, അപ്പൊസ്തലന്റെ ശുശ്രൂഷയ്ക്കനുസൃതമായി അവൻ ദൈവത്തിന്റെ വ്യവസ്ഥ നിർവഹിക്കണമായിരുന്നു—വാ. 3-4, 18.

   1 Tim. 1:3 ഞാൻ മക്കെദോന്യയിലേക്കു പോകുമ്പോൾ ചിലരോട് വ്യത്യസ്ത കാര്യങ്ങൾ ഉപദേശിക്കരുതെന്നും,

1 Tim. 1:4 വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയെക്കാൾ ചോദ്യംചെയ്യലുകൾ ഉളവാക്കുന്ന കെട്ടുകഥകൾക്കും അന്തമില്ലാത്ത വംശാവലികൾക്കും ശ്രദ്ധ കൊടുക്കരുതെന്നും ആജ്ഞാപിക്കേണ്ടതിന് നീ എഫെസൊസിൽ തുടരുവാൻ ഞാൻ നിന്നെ പ്രബോധിപ്പിച്ചതു പോലെ തന്നെ.

1 Tim. 1:18 എന്റെ മകനായ തിമൊഥെയൊസേ, നിന്നെക്കുറിച്ച് മുമ്പ് നടത്തിയ പ്രവചനങ്ങൾക്കൊത്തവണ്ണം, ഞാൻ ഈ ആജ്ഞ നിന്നെ ഭരമേൽപ്പിക്കുന്നു, അവയാൽ നീ നല്ല യുദ്ധം പോരാടേണ്ടതിന്,

4. ക്രിസ്തുവിനെയും സഭയെയും സംബന്ധിച്ച ദൈവത്തിന്റെ വ്യവസ്ഥയെ പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നതാണ് നല്ല പോർ പൊരുതുന്നത്—വാ. 18.

1 Tim. 1:18 എന്റെ മകനായ തിമൊഥെയൊസേ, നിന്നെക്കുറിച്ച് മുമ്പ് നടത്തിയ പ്രവചനങ്ങൾക്കൊത്തവണ്ണം, ഞാൻ ഈ ആജ്ഞ നിന്നെ ഭരമേൽപ്പിക്കുന്നു, അവയാൽ നീ നല്ല യുദ്ധം പോരാടേണ്ടതിന്,

C. 1 തിമൊഥെയൊസ് 6:12 പറയുന്നു, "വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക":

1. വിശ്വാസത്തിനുവേണ്ടി പോരാടുക എന്നതിനർത്ഥം ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയ്ക്കുവേണ്ടി പോരാടുക എന്നാണ്.
2. പ്രത്യേകിച്ചും, അത് ദൈവത്തിന്റെ ദേഹരൂപമായ ക്രിസ്തുവിനുവേണ്ടിയും ക്രിസ്തുവിന്റെ ശരീരമായ സഭയ്ക്കുവേണ്ടിയും പോരാടുന്നതാണ്. 2:9; 1 കൊരി. 1:2; 12:27.

Col. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

1 Cor. 1:2 കൊരിന്തിലുള്ള ദൈവസഭയ്ക്ക്, ക്രിസ്തു യേശുവിൽ, വിശുദ്ധീകരിക്കപ്പെട്ടവരും, എല്ലായിടത്തും അവരുടെയും നമ്മുടെയുമായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടുംകൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാർക്ക്:

1 Cor. 12:27 നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും, വ്യക്തിഗതമായി അവയവങ്ങളും ആകുന്നു.

3. വിശ്വാസത്തിന്റെ നല്ല പോർ പൊരുതുന്നത് ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയനുസരിച്ച് സമ്പൂർണ സുവിശേഷത്തിന്റെ ഉള്ളടക്കത്തിനുവേണ്ടി പൊരുതുന്നതാണ്—എഫെ. 3:6.

Eph. 3:6 അത് സുവിശേഷത്തിലൂടെ ജാതികൾ ക്രിസ്തു യേശുവിൽ കൂട്ടവകാശികളും ശരീരത്തിലെ കൂട്ടവയവങ്ങളും വാഗ്ദത്തത്തിന്റെ സഹപങ്കാളികളും ആകുന്നു എന്നതുതന്നെ,

4. വ്യത്യസ്ത പഠിപ്പിക്കലുകൾ നിമിത്തം, സഭ ഇപ്പോൾത്തന്നെ അധഃപതിക്കുകയും വിശ്വാസത്തിൽനിന്നും വ്യതിചലിക്കുകയും ചെയ്തിരിക്കുന്നു; വിശ്വാസത്തിൽനിന്നുള്ള ഈ വ്യതിചലനത്തിനെതിരെ പോരാടുവാൻ പൗലൊസ്

തിമൊഥെയൊസിനോട് ആവശ്യപ്പെട്ടു, അത് വിശ്വാസത്തിന്റെ നല്ല പോർ പൊരുതുന്നതാണ്—1 തിമൊ. 6:12a.

1 Tim. 6:12a വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക; ...

D. 1 തിമൊഥെയൊസ് 6:12-ൽ പൗലൊസ് തുടർന്നു പറയുന്നു, "നിത്യജീവനെ മുറുകെപ്പിടിക്കുക, അതിലേക്ക് നിന്നെ വിളിച്ചിരിക്കുന്നു":

1. വാസ്തവത്തിൽ നിത്യജീവൻ നമുക്കു ജീവനായിരിക്കുന്ന പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ത്രിയേകദൈവമാണ് — യോഹ. 3:15-16.

   John. 3:15 അവനിലേക്കു വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകേണ്ടതിനു തന്നെ.

   John. 3:16 തന്റെ ഏകജാതനായ പുത്രനിലേക്കു വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ ഉണ്ടാകേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം, അത്രത്തോളം ലോകത്തെ സ്നേഹിച്ചു.

2. 1 തിമൊഥെയൊസ് 6:12b-ലെ നിത്യജീവൻ ദിവ്യ ജീവനാണ്, ശാശ്വതമായ ദൈവത്തിന്റെ സൃഷ്ടിക്കപ്പെടാത്ത ജീവനാണ്.

   1 Tim. 6:12b ...നിത്യജീവനെ മുറുകെപ്പിടിക്കുക, അതിലേക്കു നിന്നെ വിളിക്കുകയും. ...

3. *നിത്യം* എന്നത് ദിവ്യജീവന്റെ സമയ ഘടകത്തേക്കാളധികം പ്രകൃതത്തെ സൂചിപ്പിക്കുന്നു — 1 യോഹ. 5:11.

   1 John. 5:11 ആ സാക്ഷ്യമോ, ദൈവം നമുക്ക് നിത്യജീവൻ നൽകി, ഈ ജീവൻ അവന്റെ പുത്രനിൽ ആകുന്നു എന്നതു തന്നെ.

4. ക്രിസ്തീയ ജീവിതത്തിൽ വിശ്വാസത്തിന്റെ നല്ല പോർ പൊരുതുന്നതിന്, ഈ ദിവ്യജീവനെ മുറുകെപ്പിടിക്കുകയും നമ്മുടെ മനുഷ്യജീവിതത്തിൽ ആശ്രയിക്കാതിരിക്കുകയും വേണം—പ്ര.നി. മത്താ. 16:25-26.

   Matt. 16:25 തന്റെ ദേഹിജീവനെ രക്ഷിക്കുവാൻ ഇച്ഛിക്കുന്നവൻ അതിനെ നഷ്ടമാക്കും; എന്നാൽ എന്റെ നിമിത്തം തന്റെ ദേഹിജീവനെ നഷ്ടമാക്കുന്നവൻ അതിനെ കണ്ടെത്തും.

   Matt. 16:26 ഒരു മനുഷ്യൻ സർവലോകവും നേടീട്ട്, തന്റെ ദേഹിജീവനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം ചെയ്യും? അല്ലെങ്കിൽ ഒരു മനുഷ്യൻ തന്റെ ദേഹിജീവന് എന്തു പകരം നൽകും?

5. നാം വസ്തുനിഷ്ഠമായി മാത്രമല്ല, വ്യക്തിനിഷ്ഠമായി നിത്യജീവനെ മുറുകെപ്പിടിച്ചുകൊണ്ട് വിശ്വാസത്തിന്റെ നല്ല പോർ പൊരുതുന്നു — 1 തിമൊ. 6:12.

   1 Tim. 6:12b ....നിത്യജീവനെ മുറുകെപ്പിടിക്കുക, അതിലേക്കു നിന്നെ വിളിക്കുകയും. ...

6. വിശ്വാസത്തിൽനിന്നുള്ള വ്യതിചലനം കൊണ്ടുവരുന്നതിൽ ശത്രുവിന്റെ കൗശലം വിശ്വാസികളെ നിത്യജീവനിൽനിന്നും അകറ്റുക എന്നതാണ്.

7. യഥാർഥ വിശ്വാസികളായ നാം നിത്യജീവനെ മുറുകെപ്പിടിക്കണം; നിത്യജീവനില്ലെങ്കിൽ നാം ഒന്നുമല്ല—1 യോഹ. 5:11.

   1 John. 5:11 ആ സാക്ഷ്യമോ, ദൈവം നമുക്ക് നിത്യജീവൻ നൽകി, ഈ ജീവൻ അവന്റെ പുത്രനിൽ ആകുന്നു എന്നതു തന്നെ.

8. നാം നിത്യജീവനെ മുറുകെപ്പിടിക്കണം; അപ്പോൾ നല്ല പോർ പൊരുതുവാൻ നാം പ്രാപ്തരായിരിക്കും—1 തിമൊ. 6:12.

1 Tim. 6:12b ...നിത്യജീവനെ മുറുകെപ്പിടിക്കുക, അതിലേക്കു നിന്നെ വിളിക്കുകയും ...

9. 1-ഉം 2-ഉം തിമൊഥെയൊസിലും തീത്തൊസിലും, നിത്യജീവനെ വീണ്ടും വീണ്ടും ഊന്നിപ്പറയുന്നു—1 തിമൊ. 1:16; 6:19; 2 തിമൊ. 1:1, 10; തീത്തൊ. 1:2; 3:7.

1 Tim. 1:16 എന്നാൽ നിത്യജീവങ്കലേക്ക് അവന്മേൽ വിശ്വസിക്കുവാനിരിക്കുന്നവർക്ക് ഒരു മാതൃകയ്ക്കായി യേശു ക്രിസ്തു തന്റെ സകല ദീർഘക്ഷമയും ഒന്നാമനായ എന്നിൽ പ്രദർശിപ്പിക്കേണ്ടതിന് എന്നോടു കരുണ കാണിച്ചു.

1 Tim. 6:19 അവർ വാസ്തവമായി ജീവനാകുന്നതിനെ മുറുകെപ്പിടിക്കേണ്ടതിന്, ഭാവിക്കു വേണ്ടി തങ്ങൾക്കുതന്നെ നല്ലൊരു അടിസ്ഥാനം നിക്ഷേപമായി മാറ്റിവയ്ക്കുന്നതിനും ആജ്ഞാപിക്കുക.

2 Tim. 1:1 ക്രിസ്തുയേശുവിലുള്ള ജീവന്റെ, വാഗ്ദത്തപ്രകാരം, ദൈവഹിതത്താൽ, ക്രിസ്തു യേശുവിന്റെ അപ്പൊസ്തലനായ പൗലൊസ്,

2 Tim. 1:10 എന്നാൽ ഇപ്പോൾ നമ്മുടെ രക്ഷകനായ ക്രിസ്തു യേശുവിന്റെ പ്രത്യക്ഷതയിലൂടെ വെളിവായിരിക്കുന്നു, അവൻ മരണത്തെ ഇല്ലാതാക്കുകയും സുവിശേഷത്തിലൂടെ ജീവനെയും അദ്രവത്വത്തെയും വെളിച്ചത്തിലേക്ക് കൊണ്ടുവരുകയും ചെയ്തു,

Titus. 1:2 യുഗങ്ങളുടെ കാലങ്ങൾക്കു മുമ്പേ വാഗ്ദാനം ചെയ്ത നിത്യജീവന്റെ പ്രത്യാശയിൽ,

Titus. 3:7 അവന്റെ കൃപയാൽ നീതീകരിക്കപ്പെട്ടിട്ട്, നാം നിത്യജീവന്റെ പ്രത്യാശപ്രകാരം അവകാശികളായിത്തീരേണ്ടതിനു തന്നെ.

10. 2 തിമൊഥെയൊസിൽ കാണുന്നതുപോലെ സഭയുടെ അധഃപതനത്തിന്റെ താഴോട്ടുള്ള പ്രവണതയെ അഭിമുഖീകരിക്കുന്നതിന് 1 തിമൊഥെയൊസിൽ കാണുന്നതുപോലെ സഭയെ സംബന്ധിച്ച ദൈവത്തിന്റെ വ്യവസ്ഥ നടപ്പിലാക്കുവാനും, തീത്തൊസിൽ കാണുന്നതുപോലെ സഭയിൽ നല്ല ക്രമം നിലനിർത്തുന്നതിനും, ഈ ജീവൻ ഒരു മുൻഉപാധിയാണ്.

E. നാം സാത്താനും അന്ധകാര രാജ്യത്തിനുമെതിരായി നല്ല പോർ പൊരുതിക്കൊണ്ടിരിക്കുന്നു:

1. നമുക്ക് നമ്മെത്തന്നെ പൂർണമായി സംരക്ഷിക്കുവാൻ കഴിയുമെന്നു മാത്രമല്ല, പിശാചിനെ വെല്ലുവിളിക്കുകയും വേണം—മത്താ. 12:26, 28.

Matt. 12:26 സാത്താൻ സാത്താനെ പുറത്താക്കുന്നു എങ്കിൽ അവനെതിരായിത്തന്നെ അവൻ ഭിന്നിച്ചിരിക്കുന്നു; പിന്നെ എങ്ങനെ അവന്റെ രാജ്യം നിൽക്കും?

Matt. 12:28 എന്നാൽ ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെമേൽ വന്നിരിക്കുന്നു.

2. നാം നല്ല പോർ പൊരുതുകയും, പിശാചിന്റെ കോട്ടകളെ മറിച്ചിടുകയും, തടവിലാക്കപ്പെട്ട മനുഷ്യന്റെ ചിന്തകളെ ക്രിസ്തുവിന്റെ അനുസരണത്തിലേക്ക് കൊണ്ടുവരുകയും ചെയ്യുന്ന ദൈവത്തിന്റെ പടയാളികളായിരിക്കുകയും വേണം—2 കൊരി. 10:3-5.

2 Cor. 10:3 ഞങ്ങൾ ജഡത്തിൽ നടക്കുന്നെങ്കിലും ജഡപ്രകാരം പോരാടുന്നില്ല;

2 Cor. 10:4 ഞങ്ങളുടെ യുദ്ധത്തിന്റെ ആയുധങ്ങൾ ജഡികമല്ല, കോട്ടകളെ മറിച്ചിടുവാൻ ദൈവമുമ്പാകെ ശക്തിയുള്ളവയത്രേ,

2 Cor. 10:5 അവയാൽ ഞങ്ങൾ വാദങ്ങളെയും ദൈവത്തിന്റെ പരിജ്ഞാനത്തിന് എതിരായി ഉയരുന്ന സകല ഉയർച്ചയെയും മറിച്ചിടുകയും, ക്രിസ്തുവിന്റെ അനുസരണത്തിങ്കലേക്ക് ഓരോ ചിന്തയെയും ബദ്ധമാക്കുകയും ചെയ്യുന്നു.

F. സത്യത്തിനുവേണ്ടിയുള്ള നല്ല പോരാട്ടമാണ് നാം നടത്തുന്നത്—1 തിമൊ. 6:12; 1 യോഹ. 1:6; 2:21; 4:6:

1 Tim. 6:12 വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക; നിത്യജീവനെ മുറുകെപ്പിടിക്കുക, അതിലേക്കു നിന്നെ വിളിക്കുകയും അനേകം സാക്ഷികളുടെ മുമ്പാകെ നല്ല ഏറ്റുപറയൽ ലഭിക്കുകയും ചെയ്തുവല്ലോ.

1 John. 1:6 നമുക്ക് അവനോടു കൂട്ടായ്മ ഉണ്ടെന്ന് പറയുകയും, എന്നാൽ ഇരുട്ടിൽ നടക്കുകയും ചെയ്യുന്നുവെങ്കിൽ, നാം കള്ളം പറയുന്നു, സത്യം അഭ്യസിക്കുന്നതുമില്ല.

1 John. 2:21 നിങ്ങൾ സത്യം അറിയാത്തതുകൊണ്ടല്ല, നിങ്ങൾ അത് അറിയുന്നതുകൊണ്ടും കളവ് ഒന്നും സത്യത്തിൽ നിന്നല്ലാത്തതുകൊണ്ടുമത്രേ ഞാൻ നിങ്ങൾക്ക് എഴുതിയിരിക്കുന്നത്.

1 John. 4:6 നാം ദൈവത്തിൽനിന്നുള്ളവർ ആകുന്നു; ദൈവത്തെ അറിയുന്നവൻ നമ്മെ കേൾക്കുന്നു; ദൈവത്തിൽനിന്നല്ലാത്തവൻ നമ്മെ കേൾക്കുന്നില്ല. ഇതിൽനിന്ന് സത്യത്തിന്റെ ആത്മാവിനെയും വഞ്ചനയുടെ ആത്മാവിനെയും നാം അറിയുന്നു.

1. സത്യം തന്റെ വചനത്തോടുകൂടെയുള്ള ത്രിയേക ദൈവമാണ്—യോഹ. 1:1, 14-17; 14:6, 16-17; 15:26; 16:13; 17:17; 18:37.

John. 1:1 ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു.

John. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

John. 1:15 എനിക്കു ശേഷം വരുന്നവൻ, എനിക്കു മുമ്പേ ആയിരുന്നതിനാൽ, അവൻ എന്റെ മുമ്പിലായിത്തീർന്നിരിക്കുന്നു എന്ന് ഞാൻ പറഞ്ഞത് ഇവനെ ക്കുറിച്ചായിരുന്നു എന്ന് വിളിച്ചുപറഞ്ഞ് യോഹന്നാൻ അവനെക്കുറിച്ചു സാക്ഷ്യപ്പെടുത്തി.

John. 1:16 അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും, കൃപമേൽ കൃപ ലഭിച്ചിരിച്ചിരിക്കുന്നു.

John. 1:17 ന്യായപ്രമാണം മോശെ മുഖാന്തരം നൽകപ്പെട്ടു; കൃപയും യാഥാർഥ്യവും യേശു ക്രിസ്തു മുഖാന്തരം വന്നു.

John. 14:6 യേശു അവനോട്, വഴിയും യാഥാർഥ്യവും ജീവനും ഞാൻ ആകുന്നു; എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല.

John. 14:16 ഞാൻ പിതാവിനോടു ചോദിക്കുകയും, അവൻ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു, മറ്റൊരു കാര്യസ്ഥനെ നിങ്ങൾക്കു നൽകുകയും ചെയ്യും,

John. 14:17 യാഥാർഥ്യത്തിന്റെ ആത്മാവിനെത്തന്നെ, ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യാത്തതിനാൽ അതിന് അവനെ സ്വീകരിക്കുവാൻ കഴിയുകയില്ല; എന്നാൽ അവൻ നിങ്ങളോടുകൂടെ വസിക്കുന്നതിനാലും, നിങ്ങളിൽ ആകും എന്നതിനാലും, നിങ്ങൾ അവനെ അറിയുന്നു.

John. 15:26 എന്നാൽ, ഞാൻ പിതാവിൽനിന്ന് നിങ്ങൾക്ക് അയയ്ക്കുന്ന, പിതാവിൽനിന്ന് പുറപ്പെട്ടുവരുന്ന, യാഥാർഥ്യത്തിന്റെ ആത്മാവ് എന്ന കാര്യസ്ഥൻ വരുമ്പോൾ, അവൻ എന്നെക്കുറിച്ച് സാക്ഷ്യപ്പെടുത്തും;

John. 16:13 എന്നാൽ യാഥാർഥ്യത്തിന്റെ ആത്മാവു വരുമ്പോൾ, അവൻ നിങ്ങളെ സകല യാഥാർഥ്യത്തിലേക്കും വഴിനടത്തും; എന്തെന്നാൽ അവൻ അവനിൽനിന്ന് സംസാരിക്കാതെ അവൻ കേൾക്കുന്നത് സംസാരിക്കും; അവൻ വരുവാൻ പോകുന്ന കാര്യങ്ങൾ നിങ്ങളോട് പ്രഖ്യാപിക്കുകയും ചെയ്യും.

John. 17:17 സത്യത്തിൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യം ആകുന്നു.

John. 18:37b ...യേശു ഉത്തരം നൽകി, ഞാൻ രാജാവാകുന്നു എന്ന് നീ പറയുന്നു. സത്യത്തിനു സാക്ഷ്യപ്പെടുത്തേണ്ടതിനു ഞാൻ ജനിച്ചിരിക്കുന്നു, ഇതിനായി ഞാൻ ലോകത്തിലേക്കു വന്നുമിരിക്കുന്നു. സത്യത്തിൽ നിന്നുള്ള ഏവനും എന്റെ ശബ്ദം കേൾക്കുന്നു..

2. ദിവ്യ സത്യം സമ്പൂർണമാണ്, സത്യത്തിനുവേണ്ടി നാം സമ്പൂർണരായിരിക്കുകയും സത്യത്തിന്റെ സമ്പൂർണത ഉയർത്തിപ്പിടിക്കുകയും വേണം—14:6; 18:37; 3 യോഹ. 3-4, 8.

John. 14:6 യേശു അവനോട്, വഴിയും യാഥാർഥ്യവും ജീവനും ഞാൻ ആകുന്നു; എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല.

John. 18:37 അതുകൊണ്ട് പീലാത്തൊസ് അവനോട്, അപ്പോൾ നീ രാജാവാകുന്നുവല്ലോ? എന്നു ചോദിച്ചു. യേശു ഉത്തരം നൽകി, ഞാൻ രാജാവാകുന്നു എന്ന് നീ പറയുന്നു. സത്യത്തിനു സാക്ഷ്യപ്പെടുത്തേണ്ടതിനു ഞാൻ ജനിച്ചിരിക്കുന്നു, ഇതിനായി

ഞാൻ ലോകത്തിലേക്കു വന്നുമിരിക്കുന്നു. സത്യത്തിൽ നിന്നുള്ള ഏവനും എന്റെ ശബ്ദം കേൾക്കുന്നു.

3 John. 1:3 സഹോദരന്മാർ വന്ന്, നീ സത്യത്തിൽ നടക്കുന്നതുപോലെ, സത്യത്തിലുള്ള നിന്റെ സ്ഥിരതയെക്കുറിച്ച് സാക്ഷ്യപ്പെടുത്തിയതിൽ ഞാൻ അത്യന്തം സന്തോഷിച്ചു.

3 John. 1:4 എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്ന് കേൾക്കുന്നതിനെക്കാൾ വലിയ സന്തോഷം എനിക്കില്ല.

3 John. 1:8 അതുകൊണ്ട് നാം സത്യത്തിലുള്ള കൂട്ടുവേലക്കാർ ആകേണ്ടതിന് ഇങ്ങനെയുള്ളവരെ താങ്ങേണ്ടതാകുന്നു..

3. നാം ദൈവത്തിൻന്റെ സത്യത്തെ മാനിക്കുകയും, സത്യത്തിന്റെ വഴി സ്വീകരിക്കുകയും,, സത്യത്തോട് ഒരു തരത്തിലും വിട്ടുവീഴ്ച ചെയ്യാതിരിക്കുകയും വേണം—2 പത്രൊ. 2:2.

2 Pet. 2:2 അനേകർ അവരുടെ ദുർന്നടപ്പ് പിന്തുടരും, അവർ നിമിത്തം സത്യത്തിന്റെ മാർഗം നിന്ദിക്കപ്പെടും..

4. സത്യം നമ്മിലേക്ക് പണിതുചേർക്കപ്പെടുകയും നമ്മുടെ ആളത്തത്തിലേക്ക് സംരചിക്കപ്പെടുകയും വേണം—1 യോഹ. 1:8; 2:4; 2 യോഹ. 1-2; 3 യോഹ. 3-4.

1 John. 1:8 നമുക്ക് പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ, നാം നമ്മെത്തന്നെ വഞ്ചിക്കുന്നു, സത്യം നമ്മിൽ ഇല്ല.

1 John. 2:4 ഞാൻ അവനെ അറിയുന്നു എന്നു പറയുകയും അവന്റെ കൽപനകളെ കാക്കാതിരിക്കുകയും ചെയ്യുന്നവൻ നുണയൻ ആകുന്നു, സത്യം അവനിൽ ഇല്ല;

2 John. 1:1 നമ്മിൽ വസിക്കുന്നതും നമ്മോടുകൂടെ എന്നേക്കും ഇരിക്കുന്നതുമായ സത്യം നിമിത്തം, ഞാൻ മാത്രമല്ല സത്യം അറിഞ്ഞിരിക്കുന്ന എല്ലാവരും,

2 John. 1:2 സത്യസന്ധതയിൽ സ്നേഹിക്കുന്ന തിരഞ്ഞെടുക്കപ്പെട്ട മാന്യ സ്ത്രീയ്ക്കും അവളുടെ മക്കൾക്കും മൂപ്പൻ എഴുതുന്നത്:

3 John. 1:3 സഹോദരന്മാർ വന്ന്, നീ സത്യത്തിൽ നടക്കുന്നതുപോലെ, സത്യത്തിലുള്ള നിന്റെ സ്ഥിരതയെക്കുറിച്ച് സാക്ഷ്യപ്പെടുത്തിയതിൽ ഞാൻ അത്യന്തം സന്തോഷിച്ചു.

3 John. 1:4 എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്ന് കേൾക്കുന്നതിനെക്കാൾ വലിയ സന്തോഷം എനിക്കില്ല.

5. ദിവ്യ വ്യവസ്ഥയുടെ പരിണതിക്കുവേണ്ടി നാം ഇപ്പോഴുള്ള സത്യത്തിനും ഏറ്റവും ഉയർന്ന സത്യത്തിനും വ്യക്തിനിഷ്ഠമായ സത്യങ്ങൾക്കും വേണ്ടി സമ്പൂർണരായിരിക്കണം—2 പത്രൊ. 1:12; റോമ. 8:3; 1:3-4; 12:4-5; യോഹ. 8:32; 14:6.

2 Pet. 1:12 അതുകൊണ്ട് നിങ്ങൾ ഇവ അറിയുകയും നമ്മുടെ പക്കലുള്ള സത്യത്തിൽ ഉറപ്പിക്കപ്പെട്ടിരിക്കുകയും ചെയ്യുന്നെങ്കിലും, ഇവയെക്കുറിച്ച് നിങ്ങളെ ഓർമപ്പെടുത്തുവാൻ ഞാൻ എപ്പോഴും ഒരുങ്ങിയിരിക്കും.

Rom. 8:3 ജഡത്താലുള്ള ബലഹീനതയിൽ, ന്യായപ്രമാണത്തിന് ചെയ്യുവാൻ കഴിയാത്തതിനെ, ദൈവം തന്റെ പുത്രനെ

പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം സംബന്ധിച്ചും അയച്ച്, പാപത്തെ ജഡത്തിൽ ശിക്ഷവിധിച്ചു,

Rom. 1:3 ജഡം സംബന്ധിച്ച് ദാവീദിന്റെ, സന്തതിയിൽനിന്ന് വരുകയും,

Rom. 1:4 വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച്, മരിച്ചവരുടെ പുനരുത്ഥാനത്തിൽനിന്ന് ശക്തിയിൽ ദൈവപുത്രനായി നിയുക്തനാക്കപ്പെടുകയും ചെയ്ത, അവന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശു ക്രിസ്തുവിനെക്കുറിച്ച് തന്നെ,

Rom. 12:4 ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, എല്ലാ അവയവങ്ങൾക്കും ഒരേ പ്രവർത്തനം അല്ലാതിരിക്കുകയും ചെയ്യുന്നതുപോലെ,

Rom. 12:5 പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, വ്യക്തിപരമായി അന്യോന്യം അവയവങ്ങളും ആകുന്നു.

John. 8:32 നിങ്ങൾ സത്യം അറിയുകയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും എന്നു പറഞ്ഞു.

John. 14:6 യേശു അവനോട്, വഴിയും യാഥാർഥ്യവും ജീവനും ഞാൻ ആകുന്നു; എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല.

6. നാം എവിടെ ആയിരിക്കുന്നുവോ അതിനെക്കാൾ ഉയർന്ന കാര്യങ്ങൾ പഠിപ്പിക്കുവാനും പ്രസംഗിക്കുവാനും നാം പഠിക്കണം.
7. ദിവ്യ വ്യവസ്ഥയുടെ പരിണതിക്കുവേണ്ടി ദിവ്യ സത്യത്തിന്റെ മാർഗത്തിനായി നാം സമ്പൂർണരായിരിക്കണം—2 പത്രൊ. 2:2.

   2 Pet. 2:2 അനേകർ അവരുടെ ദുർന്നടപ്പ് പിന്തുടരും, അവർ നിമിത്തം സത്യത്തിന്റെ മാർഗം നിന്ദിക്കപ്പെടും.

8. സത്യത്തിനുവേണ്ടി പോരാടുന്നതിനും, കർത്താവിന്റെ പ്രത്യുദ്ധാരത്തെ കരുതുന്നതിനും, നമ്മുടെ സാക്ഷ്യത്തെ ശ്രദ്ധിക്കുന്നതിനുമായി നമ്മുടെ പഠിപ്പിക്കലുകൾ വ്യക്തമാക്കുന്നതിനുള്ള ഉത്തരവാദിത്തം സഭകൾ വഹിക്കണം—1 തിമൊ. 3:15; 6:12; 2 തിമൊ. 4:7.

   1 Tim. 3:15 എന്നാൽ ഞാൻ താമസിച്ചുപോയാൽ, സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ, ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവ ഭവനത്തിൽ ഒരുവൻ തന്നെത്താൻ നടത്തേണ്ടത് എങ്ങനെ എന്ന് നീ അറിയേണ്ടതിനു ഞാൻ എഴുതുന്നു.

   1 Tim. 6:12 വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക; നിത്യജീവനെ മുറുകെപ്പിടിക്കുക, അതിലേക്കു നിന്നെ വിളിക്കുകയും അനേകം സാക്ഷികളുടെ മുമ്പാകെ നല്ല ഏറ്റുപറയൽ ലഭിക്കുകയും ചെയ്തുവല്ലോ.

   2 Tim. 4:7 ഞാൻ നല്ല പോർ പൊരുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തു.